2026
APRIL
23
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനം: ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനത്തെ സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് മന്ത്രിസഭായോഗം നിർദ്ദേശം നൽകി. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഓൺലൈൻ ആയാണ് മന്ത്രിസഭായോഗം ചേർന്നത്. സ്ഫോടനം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. ജസ്റ്റിസ് സി.എൻ രാമചന്ദ്രൻ നായർ ഏകാംഗ ജുഡീഷ്യൽ കമ്മീഷനാണ് അന്വേഷണത്തിന്റെ ചുമതല. സ്ഫോടനത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപയും ഉൾപ്പെടെ 14 ലക്ഷം രൂപ അടിയന്തിര ധനസഹായം അനുവദിക്കും. പരിക്കേറ്റവർക്ക് ദുരന്തപ്രതികരണ നിധി പ്രകാരം അനുവദനീയമായ തുകയും അതിനു പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2 ലക്ഷം രൂപ അടിയന്തിര ധനസഹായമായി അനുവദിക്കും.

പരിക്കേറ്റവർക്ക് 6 മാസത്തേക്കുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ് സർക്കാർ ഏറ്റെടുക്കും. ഇതിനാവശ്യമായ തുക ജില്ലാ കളക്ടറുടെ ശിപർശയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാവുന്നതാണ്. ഇതിനു പുറമെ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിനീയമായ തുക ചികിത്സാ ധനസഹായമായി നൽകും. ആറുമാസത്തിലധികമായി ചികിത്സ വേണ്ടിവന്നാൽ മെഡിക്കൽ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികളിൽ ചികിത്സ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കും. തിരച്ചിലും രക്ഷാപ്രവർത്തനവും സുഗമമാക്കുന്നതിനുവേണ്ടി പ്രദേശത്തെ സ്വകാര്യ വ്യക്തികളുടെ മതിൽ പൊളിക്കുകയും വയൽ നികത്തുകയും ചെയതിട്ടുണ്ട്. അവ പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് ചെലവാകുന്ന യഥാർത്ഥ തുക ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ദുരന്തപ്രതികരണ നിധിയിൽ നിന്നും അനുവദിക്കും. ദുരന്തവുമായി ബന്ധപ്പെട്ട് മൃതദേഹങ്ങൾ മറവു ചെയ്യുന്നതിനും, ഡി എൻ എ മാച്ചിംഗിനായി സാമ്പിളുകൾ ശേഖരിക്കുന്നതിനുമായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SOP) പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് നൽകി.

അടിയന്തര പ്രതികരണത്തിനായി 50 ലക്ഷം രൂപ ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഇന്നലെ അനുവദിച്ച നടപടി സാധൂകരിച്ചു. ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ചെലവുകൾ ഈ തുകയിൽ നിന്നും ചെലവഴിക്കാൻ ജില്ലാ കലക്ടർക്ക് അനുമതി നൽകി. സ്ഫോടനം കാരണം സമീപ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ തോത് കണക്കാക്കി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിച്ച് എസ് ഡി ആർ എഫിൽ നിന്നും തുക ലഭ്യമാക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

# കേരളം വെന്തുരുകുന്നു; മൂന്നു ദിവസം താപനില ഉയരുമെന്ന് മുന്നറിയിപ്പ്

**തിരുവനന്തപുരം:** കേരളത്തിൽ 12 ജില്ലകളിൽ ഇന്ന് മുതൽ ഈ മാസം 24 വരെ മൂന്നു ദിവസങ്ങളിൽ താപനില ഉയരുമെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. പാലക്കാട്, കൊല്ലം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർ കോഡ്, തിരുവനന്തപുരം ജില്ലകളിലാണ് താപനില ഉയരുന്നത്. പാലക്കാട് ജില്ലയിൽ 40 ഡിഗ്രി സെൽഷ്യസ്, കൊല്ലം ജില്ലയിൽ 39 ഡിഗ്രി സെൽഷ്യസും കോട്ടയം ജില്ലയിൽ 38 ഡിഗ്രി സെൽഷ്യസും ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസും തിരുവനന്തപുരം ജില്ലയിൽ 36 ഡിഗ്രി സെൽഷ്യസും വരെ താപനില ഉയരാൻ സാധ്യതയെന്നാണ് കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. സാധാരണയേക്കാൾ മൂന്നു മുതൽ നാലു ഡിഗ്രി സെൽഷ്യസ് വരെയാണ് കൂടുതൽ ചൂട് ഉണ്ടാകുക. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം മലയോര മേഖലകളിലൊഴികെയുള്ള ജില്ലകളിൽ 24 വരെ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്രകാലാവസ്ഥ വകുപ്പ് അധികൃതർ അറിയിച്ചു.

# സെൻസസ് 2027: സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താം; ജൂൺ 16 മുതൽ അവസരം

**കൊച്ചി:** സെൻസസ് 2027ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താനുള്ള (സെൽഫ് എന്യൂമറേഷൻ) സൗകര്യം ജൂൺ മാസം മുതൽ ലഭ്യമാകും. 2026 ജൂൺ 16 മുതൽ 30 വരെയാണ് ഇതിനായി സമയം അനുവദിച്ചിരിക്കുന്നത്. സെൻസസ് ഉദ്യോഗസ്ഥർ വീടുകളിൽ എത്തുന്നതിന് മുൻപ് തന്നെ വ്യക്തികൾക്ക് തങ്ങളുടെ കുടുംബത്തിലെ വിവരങ്ങൾ ഓൺലൈൻ പോർട്ടൽ വഴി നേരിട്ട് സമർപ്പിക്കാനുള്ള സംവിധാനമാണ് സെൽഫ് എന്യുമറേഷൻ. ഏകദേശം 15 മുതൽ 20 മിനിറ്റിനുള്ളിൽ ഈ പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കും.

https://se.census.gov.in എന്ന പോർട്ടൽ സന്ദർശിച്ച് സംസ്ഥാനം തിരഞ്ഞെടുക്കുക. കുടുംബനാഥന്റെ പേരും മൊബൈൽ നമ്പറും നൽകി രജിസ്റ്റർ ചെയ്യുക. ഒരു മൊബൈൽ നമ്പർ ഒരു കുടുംബത്തിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഇഷ്ടമുള്ള ഭാഷ തിരഞ്ഞെടുത്ത് ഒ.ടി.പി. വഴി വെരിഫിക്കേഷൻ പൂർത്തിയാക്കുക. ഒരിക്കൽ തിരഞ്ഞെടുത്ത ഭാഷ പിന്നീട് മാറ്റാൻ കഴിയില്ല. പോർട്ടലിലെ മാപ്പിൽ വീടിന്റെ കൃത്യമായ സ്ഥാനം 'റെഡ് മാർക്കർ' ഉപയോഗിച്ച് അടയാളപ്പെടുത്തേതുണ്ട്. സെൻസസുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി നൽകി വിവരങ്ങൾ പരിശോധിച്ച ശേഷം ഫൈനൽ സബ്മിറ്റ് നൽകുക. വിവരങ്ങൾ വിജയകരമായി നൽകി കഴിഞ്ഞാൽ 'എച്ച്' എന്ന് തുടങ്ങുന്ന 11 അക്ക സെൽഫ് ഇന്യൂമറേഷൻ ഐഡി (എസ് ഇ ഐഡി) ലഭിക്കും. സെൻസസ് ഉദ്യോഗസ്ഥർ പിന്നീട് വീട് സന്ദർശിക്കുമ്പോൾ ഈ ഐഡി കൈമാറിയാൽ മതിയാകും. ഇതോടെ വിവരങ്ങൾ ഡിജിറ്റലായി സ്ഥിരീകരിക്കപ്പെടും.

ജൂൺ 30നകം വിവരങ്ങൾ സമർപ്പിക്കാത്തവർക്ക് സെൽഫ് ഇന്യൂമറേഷൻ പൂർത്തിയാക്കാൻ കഴിയില്ല. അങ്ങനെയുള്ളവരുടെ വിവരങ്ങൾ ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിക്കും. സർക്കാർ ഉദ്യോഗസ്ഥരും പൊതുജനങ്ങളും ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് പ്രിൻസിപ്പൽ സെൻസസ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ അറിയിച്ചു. കൂടുതൽ വ്യക്തതയ്ക്കായി പോർട്ടലിൽ യൂസർ ഗൈഡും ലഭ്യമാണ്.

This is an advertisement for information purpose and is not a prospectus announcement.
ICL FINCORP LIMITED
ICL
ICL Fincorp
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING ACUITÉ BBB-/ STABLE
UP TO DOUBLE RETURNS IN 72 MONTHS*
*BASED ON AN EFFECTIVE YIELD OF
12.25%
*T&C Apply
ON CUMULATIVE BASIS UNDER OPTION X, 72 MONTHS, TDS AS APPLICABLE.
APPLY NOW +91 85890 20137, +91 85890 20186
ISSUE OPENS ON: APRIL 10, 2026 (FRIDAY) ISSUE CLOSES ON: APRIL 24, 2026 (FRIDAY)*
*The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of Directors or Debenture Issue Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of ten working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **കാക്കനാട് സൈനിക് റെസ്റ്റ് ഹൗസ്സ് :** ദക്ഷിണ നാവിക കമാൻഡിന്റെ ആഭിമുഖ്യത്തിൽ നാവികസേനയിൽ നിന്നും വിരമിച്ചവർക്കും അവരുടെ കുടുംബാഗങ്ങൾക്കുമായി പ്രത്യേക സമ്പർക്ക പരിപാടി രാവിലെ 11 മുതൽ.

■ **എറണാകുളം ശ്രീ അയ്യപ്പൻ കോവിൽ :** ശ്രീമദ് ഭാഗവത സപ്താഹയജ്ഞം സമൂഹപ്രാർത്ഥന, കീർത്തനം, ഗ്രന്ഥനമസ്കാരം രാവിലെ 6.30ന്, 7ന് ഭാഗവതപാരായണ സമാരംഭം, ഉച്ചയ്ക്ക് ഒന്നിന് അന്നദാനം, വൈകിട്ട് 5ന് വിദ്യാഗോപാലമന്ത്രാർച്ചന, വൈകിട്ട് 7ന് ആചാര്യ പ്രഭാഷണം.

■ **പനമ്പിള്ളി നഗർ-ചൈൽഡ് കെയർ സെന്റർ :** പഠന വൈകല്യ നിർണയ, നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ.

### മൂവാറ്റുപുഴ

■ **സൗത്ത് മാറാടി ഇരട്ടയാനിക്കുന്ന് സെന്റ് ജോർജ് യാക്കോബായ പള്ളി :** ഗീവർഗീസ് സഹദായുടെ ഓർമപ്പെരുന്നാൾ രാവിലെ 7.30ന് കുർബാന, രാത്രി 7.30ന് പ്രദക്ഷിണം, നേർച്ചസദ്യ.

### പെരുമ്പാവൂർ

■ **പെരുമ്പാവൂർ മുൻസിപ്പൽ സ്റ്റേഡിയം :** യുണൈറ്റഡ് ക്രിസ്റ്റ്യൻ ഫെലോഷിപ്പ് സംഘടിപ്പിക്കുന്ന 'ഉണർവ് 2026' ബൈബിൾ കൺവൻഷൻ വൈകിട്ട് 6 മുതൽ

### വൈപ്പിൻ

■ **ചെറായി സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളി :** മോർ ഗീവറുഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ വാവിലെ 7ന്.

### പിറവം

■ **നെച്ചൂർ മാർത്തോമൻ യാക്കോബായ സുറിയാനി പള്ളി :** വി. ഗീവർഗീസ് സഹദായുടെ ഓർമപ്പെരുന്നാൾ രാവിലെ 8 മുതൽ.

■ **മണീട് നടയപ്പിള്ളിൽ ഭഗവതി ക്ഷേത്രം :** പത്താമുദയ മഹോത്സവം പുലർച്ചെ 5.30 മുതൽ.

### കോതമംഗലം

■ **വാരപ്പെട്ടി ഇഞ്ചൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം :** ഉത്സവം ഉച്ചയ്ക്ക് 12.30ന് മഹാപ്രസാദ ഊട്ട്, വൈകിട്ട് 5ന് പഞ്ചവാദ്യം, ചുറ്റുവിളക്ക്, മുഴുക്കാപ്പ്, തിരുവാതിര, വയലിൻ ഫ്യൂഷൻ, കൈകൊട്ടിക്കളി, ഗാനമേള.

■ **ചേലാട് സെന്റ് സ്റ്റീഫൻസ് ബെസ് അനിയ യാക്കോബായ സുറിയാനി വലിയ പള്ളി :** വിശുദ്ധ ഗീവറുഗീസ് സഹദായുടെ ഓർമപ്പെരുന്നാൾ വൈകിട്ട് 5.30ന് കൊടികയറ്റ്.

# കോൺവെന്റ് ജംഗ്ഷനിലെ തുറന്നു കിടക്കുന്ന കാന മൂടണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** കോൺവെന്റ് ജംഗ്ഷന് സമീപമുള്ള കാന അടിയന്തരമായി സ്ലാബിട്ട് മൂടാൻ നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. സ്ഥലപരിശോധനയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. പരാതി ശാശ്വതമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. സ്വീകരിച്ച നടപടികൾ മൂന്നാഴ്ചക്കകം നഗരസഭാ സെക്രട്ടറി കമ്മീഷനെ അറിയിക്കണമെന്നും ഉത്തരവിൽ പറഞ്ഞു. മേയ് 10ന് രാവിലെ പത്തുമണിക്ക് പത്തടിപ്പാലം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ നഗരസഭാ സെക്രട്ടറിയെ പ്രതിനിധീകരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ പങ്കെടുക്കണമെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു. കോൺവെന്റ് ജംഗ്ഷനും മുല്ലശ്ശേരി കനാലിനുമിടയിലുള്ള 100 മീറ്റർ ഭാഗത്തെ കാനയാണ് സ്ലാബ് മൂടാതെ തുറന്നു കിടക്കുന്നത്. ജംഗ്ഷൻ വരെ സ്ലാബ് ഇട്ടിട്ടുണ്ട്. ഇതിന് സമീപമുള്ള വ്യാപാര സ്ഥാപനങ്ങൾക്ക് മുന്നിലെ കാനയാണ് തുറന്നു കിടക്കുന്നത്. കാന തുറന്നു കിടക്കുന്നത് കാരണം സമീപപ്രദേശങ്ങളിലെല്ലാം ദുർഗന്ധമാണ്. കാൽനടയാത്രക്കാർക്കും വ്യാപാരികൾക്കും ഇത് തീരാദുരിതത്തിന് കാരണമാകുന്നുണ്ട്. മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

# നേത്ര പുനർനിർമ്മാണ ശസ്ത്രക്രിയ വിദഗ്ധരുടെ ദേശീയ സമ്മേളനം കൊച്ചിയിൽ




**കൊച്ചി:** ഒകുലോപ്ലാസ്റ്റിക് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 36-ാം വാർഷിക സമ്മേളനം (ഒ.പി.എ.ഐ 2026) ഏപ്രിൽ 24 മുതൽ 26 വരെ കലൂരിലെ ഹോട്ടൽ ഗോകുലം പാർക്കിൽ നടക്കും. കണ്ണിനെയും അതിനോട് ചേർന്ന ഉപരിതല ഭാഗങ്ങളെയും പുനർനിർമ്മിക്കുകയും രൂപസൗന്ദര്യം മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഒകുലോപ്ലാസ്റ്റി എന്ന ശസ്ത്രക്രിയാ ശാഖയിലെ വിദഗ്ദ്ധരുടെ ദേശീയ സമ്മേളനമാണിത്. ഗിരിധർ ഐ ഇൻസ്റ്റിറ്റിയൂട്ടാണ് കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസിന്റെ പിന്തുണയോടെ സമ്മേളനം സംഘടിപ്പിക്കുന്നത്. രാജ്യത്തെ പ്രമുഖ നേത്ര ശസ്ത്രക്രിയ വിദഗ്ധരും, പിജി വിദ്യാർഥികളും ഉൾപ്പെടെ 400ൽ അധികം പ്രതിനിധികൾ പങ്കെടുക്കും. 30ഓളം ശാസ്ത്ര സെഷനുകളും ഉണ്ടായിരിക്കും.

ഏപ്രിൽ 24ന് വൈകിട്ട് 5.30ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബച്ചു കുര്യൻ തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഒ. പി. എ. ഐ പ്രസിഡന്റ് ഡോ. കസ്തൂരി ഭട്ടാചാർജി മുഖ്യപ്രഭാഷണം നടത്തും. ഒകുലോപ്ലാസ്റ്റിക് ശസ്ത്രക്രിയ ഇപ്പോൾ ഏറെ പുരോഗമിച്ച മേഖലയായി മാറിയതായി ഡോ. എസ്. ജെ. സായികുമാർ പറഞ്ഞു. കണ്ണിന്റെ പുനഃസ്ഥാപനത്തിന് പുറമെ രൂപസൗന്ദര്യവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിൽ ഈ ശാഖയ്ക്ക് വലിയ പങ്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതി നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗവും ശസ്ത്രക്രിയാ രീതികളും ഉൾപ്പെട്ട സമ്മേളനം യുവ ഡോക്ടർമാർക്ക് വലിയ പഠനവേദിയൊരുക്കുമെന്ന് ഗിരിധർ ഐ ഇൻസ്റ്റിറ്റിയൂട്ട് മെഡിക്കൽ ഡയറക്ടർ ഡോ. എ. ഗിരിധർ പറഞ്ഞു കണ്ണ് ക്യാൻസർ, തൈറോയ്ഡ് കണ്ണ് രോഗം എന്നിവ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ചർച്ച നടക്കും. പ്രഭാഷണങ്ങളും പാനൽ ചർച്ചകളും ശസ്ത്രക്രിയ വീഡിയോ പ്രദർശനങ്ങളും നടക്കും. പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകിയുള്ള വർക്ക്ഷോപ്പുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. സ്യൂച്ചറിംഗ്, നാസൽ എൻഡോസ്കോപ്പി, ഫ്രാക്ചർ പ്ലേറ്റിംഗ്, ബോട്ടോക്സ്, ഫില്ലേഴ്സ്, ക്ലിനിക്കൽ ഫോട്ടോഗ്രഫി, കൃത്രിമ ബുദ്ധി, ത്രിമാന പ്രിന്റിംഗ് തുടങ്ങിയ വിഷയങ്ങളിൽ ശിൽപശാല പരിശീലനം ഉണ്ടായിരിക്കും. അന്താരാഷ്ട്ര ഫാക്കൾട്ടികൾക്ക് ഒപ്പം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഡോക്ടർമാരും വിദ്യാർഥികളും സമ്മേളനത്തിൽ പങ്കെടുക്കും. ഓർഗനൈസിങ് സെക്രട്ടറി ഡോ. മരിയൻ പോളി, ജോയിന്റ് ഓർഗനൈസിങ് സെക്രട്ടറി ഡോ. ഷെബിൻ സലീം എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# യു. ജി. സി നെറ്റ് പരീക്ഷ പരിശീലനം ; ഇപ്പോൾ അപേക്ഷിക്കാം

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യകാമ്പസിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന യു. ജി. സി. നെറ്റ് പരീക്ഷയുടെ ജനറൽ പേപ്പർ- ഒന്നിന്റെ പത്ത് ദിവസത്തെ ഓഫ്ലൈൻ പരീശീലന ക്ലാസിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ജനറൽ വിഭാഗത്തിന് ആയിരം രൂപയാണ് ഫീസ്. മറ്റുള്ളവർക്ക് 500/ രൂപയും കാലടി സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് 250/ രൂപയുമാണ് ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പ്രവേശനം ലഭിക്കുക. അവസാന തീയതി ഏപ്രിൽ 30. കൂടുതൽ വിവരങ്ങൾക്ക് 0484 – 2464495, 9496108097, 9895267048, 9567375512.

# ഐ.എച്ച്.ആർ.ഡിയിൽ ഇന്റേൺഷിപ്പ്

**തിരുവനന്തപുരം:** തിരുവനന്തപുരം ഐ.എച്ച്.ആർ.ഡി. സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജീസ് അന്റ് സ്കിൽസിൽ മെയിൽ ആരംഭിക്കുന്ന FYUGP ഇന്റേൺഷിപ്പ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപ്പര്യമുള്ള വിദ്യാർഥികൾക്ക് https://skillcetnre.ihrd.ac.in ൽ രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾക്ക്: 9495069307, 9400519491, 0471 2550612.

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പി.ജി, പി.ജി ഡിപ്ലോമ പ്രവേശനം; ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മുഖ്യ ക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും 2026-2027അദ്ധ്യയന വർഷത്തെ എം.എ., എം. എസ്. സി., എം. എസ്. ഡബ്ല്യു., എം. എഫ്.എ., എം. പി. ഇ. എസ്., മൾട്ടി ഡിസിപ്ളിനറി ഡ്യുവൽ മെയിൻ മാസ്റ്റേഴ്സ് ഇൻ ഡിസാസ്റ്റർ മാനേജ്മെന്റ്, പി. ജി. ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചു. പ്രവേശന പരീക്ഷ മെയ് നാലിന് സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും ആരംഭിക്കും. മെയ് 18ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്ക് എം.എ./എം. എസ് സി./ എം. എസ്. ഡബ്ല്യു. കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കാം. അവസാന വർഷ പരീക്ഷ എഴുതുന്നവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. കാലടി മുഖ്യ ക്യാമ്പസ് കൂടാതെ പയ്യന്നൂർ, കൊയിലാണ്ടി, തിരൂർ, ഏറ്റുമാനൂർ, പന്മന, തിരുവനന്തപുരം എന്നീ പ്രാദേശിക ക്യാമ്പസുകളാണ് സർവ്വകലാശാലയ്ക്കുള്ളത്. ഓൺലൈനായി അപേക്ഷിക്കണം. വിശദവിവരങ്ങൾക്കും ഓൺലൈനിൽ അപേക്ഷിക്കുന്നതിനും www.ssus.ac.in സന്ദർശിക്കുക.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** തിരുവനന്തപുരം മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജീസ് ആൻഡ് സ്കിൽസിൽ ഏപ്രിൽ അവസാന വാരം ആരംഭിക്കുന്ന യുജിസി-നെറ്റ് പേപ്പർ ഒന്നിന്റെ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ഫോൺ: 8136882389, 9495069307, 8547005087.

# നഗരങ്ങളുടെ സുസ്ഥിര വികസനത്തിന് പ്രാദേശികമായ ഹരിത പരിവർത്തനം അനിവാര്യം

**കൊച്ചി/യോസു:** നഗരങ്ങളുടെ സുസ്ഥിര വികസനത്തിന് പ്രാദേശികമായ ഹരിത പരിവർത്തനം അനിവാര്യമാണെന്ന് കൊച്ചി മേയർ അഡ്വ. വി. കെ മിനിമോൾ റിപ്പബ്ലിക് ഓഫ് കൊറിയയിലെ യോസു നഗരത്തിൽ സംഘടിപ്പിച്ച 'വേൾഡ് ക്ലൈമറ്റ് സിറ്റീസ് ഫോറം 2026' അന്താരാഷ്ട്ര ഫോറത്തിൽ കൊച്ചി നഗരസഭയെ പ്രതിനിധീകരിച്ച് മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു മേയർ. 'കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ പ്രാദേശികാടിസ്ഥാനത്തിലുള്ള ഹരിത പരിവർത്തനം എന്ന ലക്ഷ്യം നാം മുൻനിർത്തേണ്ടതുണ്ട്.

ഹരിത പരിവർത്തനത്തിനായുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുമ്പോൾ പൊതുനയം, സ്വകാര്യ മേഖലയുടെ പങ്കാളിത്തം, സിവിൽ സമൂഹത്തിന്റെ സജീവ ഇടപെടൽ എന്നിവയുടെ സംയോജനം അത്യന്താപേക്ഷിതമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആഗോള കാലാവസ്ഥാ അജണ്ടകൾ നടപ്പിലാക്കുന്നതിൽ വലിയ പങ്കുവഹിക്കാനുണ്ടെന്ന് കൊച്ചിയിലെ അനുഭവങ്ങൾ തെളിയിക്കുന്നുവെന്നും മേയർ പറഞ്ഞു.

കാർബൺ വിമുക്തമായ ഭാവിയിലേക്കുള്ള ചുവടുവെപ്പുകളിൽ കൊച്ചി നഗരസഭ നടപ്പിലാക്കുന്ന മികച്ച മാതൃകകൾ മേയർ ഫോറത്തിൽ പങ്കുവെച്ചു. വിദേശ രാജ്യങ്ങളിലെ നഗരങ്ങളിലെ ഭരണാധികാരികളുമായും അന്താരാഷ്ട്ര വിദഗ്ധരുമായും കാലാവസ്ഥാ അതിജീവന പദ്ധതികളെക്കുറിച്ച് മേയർ വിശദമായ ചർച്ചകൾ നടത്തി. യോസു നഗരസഭ, ഇക്ലെ കൊറിയ എന്നിവർ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്. ഇക്ലെ സൗത്ത് ഏഷ്യയുടെ പ്രത്യേക ക്ഷണം സ്വീകരിച്ചാണ് മേയർ സമ്മേളനത്തിൽ പങ്കെടുത്തത്.




# ഭക്ഷ്യ പാനീയ വിതരണ സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പ് പരിശോധന;

## 69 കടകൾക്ക് നോട്ടീസ്, അഞ്ച് കടകൾ അടച്ചുപൂട്ടാൻ നിർദേശം



**കണ്ണൂർ:** ആരോഗ്യ ജാഗ്രത പ്രവർത്തന പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ 97 സ്ക്വാഡുകൾ കണ്ണൂർ ജില്ലയിലെ വിവിധ ഭക്ഷ്യ പാനീയ വിതരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി. വൃത്തി, ശുചിത്വം, ഹെൽത്ത് കാർഡ്, ലൈസൻസ്, ജലഗുണനിലവാര സർട്ടിഫിക്കറ്റ് എന്നിവയില്ലാത്ത 69 സ്ഥാപനങ്ങൾക്ക് പൊതുജനാരോഗ്യ നിയമം 2023 പ്രകാരം ലീഗൽ നോട്ടീസ് നൽകി. ഹോട്ടൽ, ബേക്കറി, ജ്യൂസ്കട, തട്ടുകടകൾ ഉൾപ്പെടെ അഞ്ച് സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും നിർദേശിച്ചു.

ഹോട്ടലുകൾ, കൂൾബാറുകൾ, ബേക്കറികൾ, ജ്യൂസ് കടകൾ, തട്ടുകടകൾ, കരിമ്പിൻ ജ്യൂസ് കടകൾ ഉൾപ്പെടെ 1245 സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയത്. പുകവലി നിരോധിത ബോർഡ് സ്ഥാപിക്കാത്ത 70 കടകളിൽ നിന്ന് 14,800 രൂപ പുകവലി നിയമ പ്രകാരം പിഴ ഈടാക്കി.

ഭക്ഷ്യ ശുചിത്വം ഉറപ്പുവരുത്താൻ തുടർന്നുള്ള ദിവസങ്ങളിൽ പരിശോധന ശക്തിപ്പെടുത്തുമെന്നും ആരോഗ്യ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി കർശനമാക്കുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഇൻചാർജ് ഡോ. കെ.സി സച്ചിൻ അറിയിച്ചു.

# നീറ്റ് പരീക്ഷാ പരിശീലനം ഇനി സ്മാർട്ടാകും; 'കീ ടു എൻട്രൻസ്' പോർട്ടലിൽ മോക്ക് ടെസ്റ്റുകൾ 24ന് ആരംഭിക്കും

**തിരുവനന്തപുരം:** മെഡിക്കൽ പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കേരളത്തിലെ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) മോക്ക് ടെസ്റ്റുകൾ നടത്തുന്നു. 'കീ ടു എൻട്രൻസ്' (Key to Etnrance) പോർട്ടലിൽ നീറ്റ് മോക്ക് ടെസ്റ്റുകൾക്ക് ഏപ്രിൽ 24 മുതൽ തുടങ്ങും.

പരീക്ഷാ തയ്യാറെടുപ്പ് കൂടുതൽ ഫലപ്രദമാക്കുന്നതിനായി, യഥാർത്ഥ പരീക്ഷാ സാഹചര്യത്തിലാണ് മോക്ക് ടെസ്റ്റുകൾ ക്രമീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് സ്കൂളിൽ നിന്നും ലഭിച്ച ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് etnrance.kite.kerala.gov.in പോർട്ടലിലൂടെ ഈ സേവനം സൗജന്യമായി പ്രയോജനപ്പെടുത്താം.

ലോഗിൻ ലഭിച്ചിട്ടില്ലാത്ത കുട്ടികൾ സ്കൂൾ പ്രിൻസിപ്പാളിനെയോ നോഡൽ ടീച്ചറിനെയോ ബന്ധപ്പെടണം. മോക്ക് ടെസ്റ്റുകൾക്കു പുറമെ വിവിധ വിഷയങ്ങൾ പരിശീലിക്കുന്നതിനു ഇരുപതിനായിരത്തിലധികം ചോദ്യങ്ങൾ അടങ്ങിയ പരിശീലന മൊഡ്യൂളുകൾ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിർമ്മിതബുദ്ധി സഹായത്തോടെ നിരവധി പ്രാക്ടീസ് ചോദ്യങ്ങൾ, വ്യക്തിഗത പഠന പിന്തുണ, വിഷയാനുസൃത പഠന സാമഗ്രികൾ, അഡാപ്റ്റീവ് ലേണിംഗ് സൗകര്യങ്ങൾ, പ്രകടന വിശകലനം എന്നിവയും പോർട്ടലിന്റെ ഭാഗമായുണ്ട്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും എൻട്രൻസ് കോച്ചിംഗുകൾക്ക് പോകുവാൻ അവസരം ഇല്ലാത്തതുമായ കുട്ടികൾക്ക് എഐ അധിഷ്ഠിത പരിശീലനം സാധ്യമാക്കുന്ന കീ ടു എൻട്രൻസിന്റെ ഭാഗമായി മെയ് ഒന്നു മുതൽ സി.യു.ഇ.ടി ടെസ്റ്റുകളും ലഭ്യമാക്കുമെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് അറിയിച്ചു.

# വനിതാ സംരംഭകർക്ക് പ്രത്യേക വ്യവസായ മേഖല വേണം: രാജു അപ്സര

**കൊച്ചി:** കേരളത്തിൽ വനിതാ സംരംഭകരുടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി പ്രത്യേക വ്യവസായ മേഖലകൾ സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ആവശ്യപ്പെട്ടു. ഏകോപന സമിതി വനിതാ വിങ് സംസ്ഥാന കമ്മിറ്റി എറണാകുളം ചെറായി ബീച്ച് റിസോർട്ടിൽ സംഘടിപ്പിച്ച വനിതാവിംഗ് സംസ്ഥാന നേതൃ പരിശീലന ക്യാമ്പ് (ഷീ പവർ കോൺക്ലേവ് 2026) ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിലും സാമൂഹിക പുരോഗതിയിലും മുന്നിലുള്ള കേരളത്തിൽ, വനിതകളുടെ തൊഴിൽ പങ്കാളിത്തം അവരുടെ കഴിവിനും സാധ്യതകൾക്കും അനുസൃതമായി ഉയർന്നിട്ടില്ല. ഈ സാഹചര്യം മാറ്റുന്നതിനായി സർക്കാർ നയപരമായ ഇടപെടലുകൾ അനിവാര്യമാണ്.

ഭൂമി ലഭ്യത, ധനസഹായം, വിപണി കണ്ടെത്തൽ, പരിശീലനം എന്നിവയിൽ വനിതാ സംരംഭകർ നേരിടുന്ന തടസങ്ങൾ മറികടക്കുന്നതിനായി പ്രത്യേക വ്യവസായ പാർക്കുകൾക്ക് സാധിക്കും. ഈ ആശയം നടപ്പിലാക്കുന്നതിലൂടെ വനിതാ സംരംഭകത്വം ഗണ്യമായി വർദ്ധിക്കുകയും, പുതുതായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, സംസ്ഥാനത്തിന്റെ സമഗ്ര സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂടുകയും ചെയ്യുമെന്നും രാജു അപ്സര ചൂണ്ടിക്കാട്ടി.

കൂടാതെ, സർക്കാർ വാങ്ങലുകളിൽ വനിതാ യൂണിറ്റുകൾക്ക് മുൻഗണന നൽകുകയും, പ്രത്യേക ധനസഹായ പദ്ധതികൾ പ്രഖ്യാപിക്കുകയും ചെയ്യണം. പദ്ധതിയുടെ നോഡൽ ഏജൻസികളായി കെ.എസ്.ഐ.ഡി.സി, കിൻഫ്ര എന്നിവയെ ചുമതലപ്പെടുത്തി, പൈലറ്റ് അടിസ്ഥാനത്തിൽ കുറഞ്ഞത് മൂന്ന് ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിക്കണമെന്നും രാജു അപ്സര ആവശ്യപ്പെട്ടു. വനിതാ വിംഗ് സംസ്ഥാന പ്രസിഡന്റ് ശ്രീജ ശിവദാസ് അധ്യക്ഷത വഹിച്ചു. വനിതാ കോ-



*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിങ് സംസ്ഥാന കമ്മിറ്റി എറണാകുളം ചെറായി ബീച്ച് റിസോർട്ടിൽ സംഘടിപ്പിച്ച വനിതാവിംഗ് സംസ്ഥാന നേതൃ പരിശീലന ക്യാമ്പ് (ഷീ പവർ കോൺക്ലേവ് ) ഏകോപസമിതി സംസ്ഥാന പ്രസിഡന്റ് രാജൂ അപ്സര ഉദ്ഘാടനം ചെയ്യുന്നു. പി.സി ജേക്കബ്ബ്, ശ്രീജ ശിവദാസ്, ജമീല ഇസ്സുദ്ദീൻ, ഷൈന ജോർജ്, സണ്ണി പൈമ്പിള്ളിൽ തുടങ്ങിയവർ സമീപം.*

ഓർഡിനേറ്റർ പി. സി ജേക്കബ് മുഖ്യപ്രഭാഷണം നടത്തി സംസ്ഥാന വൈസ് പ്രസിഡന്റ് സണ്ണി പൈമ്പിള്ളിൽ, എറണാകുളം ജില്ല വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, വനിതാവിംഗ് ജനറൽ സെക്രട്ടറി ജമീല ഇസ്സുദ്ദീൻ, ട്രഷറർ ഷൈന ജോർജ്, വർക്കിംഗ് പ്രസിഡന്റ് സാലി ജേക്കബ്, വൈസ് പ്രസിഡന്റ്മാരായ ജയാ പീറ്റർ, രേഖ മോഹൻദാസ്, സരസ്വതി, ശാന്ത മോഹൻ, നസീമ ഇല്യസ്, ജാസ്മിൻകുഞ്ഞു മുഹമ്മദ തുടങ്ങിയവർ പ്രസംഗിച്ചു ഇന്ന് നടക്കുന്ന ക്യാമ്പിൽ നാഷണൽ ട്രെയിനർ പ്രവീൺ ചിറയത്ത് മോട്ടിവേഷൻ ക്ലാസ് നയിക്കും.

## തൃശൂർ വെട്ടിക്കെട്ടപകടം: ദുരന്തബാധിതർക്ക് സാമ്പത്തിക സഹായവുമായി മണപ്പുറം ഫിനാൻസ്

**തൃശൂർ:** മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തത്തിൽ ജീവൻ നഷ്ടമായ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം പ്രഖ്യാപിച്ച് മണപ്പുറം ഫിനാൻസ്. മരിച്ചവരുടെ കുടുംബങ്ങൾക്ക് ഓരോരുത്തർക്കും 50,000 വീതവും, പരിക്കേറ്റവർക്ക് 25,000 വീതവും അടിയന്തിര സാമ്പത്തിക സഹായമായി നൽകുമെന്ന് മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി. പി. നന്ദകുമാർ അറിയിച്ചു. ഈ സഹായം ദുരിതത്തിലായിരിക്കുന്ന കുടുംബങ്ങൾക്ക് ഒരു ചെറിയ ആശ്വാസമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ ജനങ്ങൾക്കൊപ്പം നിൽക്കാൻ മണപ്പുറം ഫിനാൻസ് പ്രതിജ്ഞാബദ്ധമാണ്.

ദുരന്തത്തിനിരയായവരുടെ കുടുംബങ്ങളെ അഗാധമായ അനുശോചനം അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു.

## തൽക്ഷണ പ്രവർത്തന മൂലധന വായ്പകൾ വിപുലീകരിച്ച് കൊട്ടക് മഹീന്ദ്ര ബാങ്ക്

**കൊച്ചി:** കൊട്ടക് മഹീന്ദ്ര ബാങ്ക് കോർപ്പറേറ്റ് ഉപഭോക്താക്കൾക്കായി തൽക്ഷണ പ്രവർത്തന മൂലധന ഡിമാൻഡ് വായ്പകൾ വിപുലീകരിച്ചു. കോർപ്പറേറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമായ എഫ് വൈ എൻ (ഫോർ യുവർ നീഡ്സ്) വഴി കോർപ്പറേറ്റ് ഉപഭോക്താക്കൾക്ക് നിമിഷങ്ങൾക്കുള്ളിൽ പ്രവർത്തന മൂലധന വായ്പാ ലഭ്യത കൊട്ടക് പ്രാപ്തമാക്കിയിട്ടുണ്ട്.

പൈലറ്റ് ഘട്ടത്തിൽ 9,000 കോടി രൂപയിലധികം വിതരണം ചെയ്തത് എസ്എംഇ മിഡ് മാർക്കറ്റ് കമ്പനികൾ ഫിംഗ് ആവശ്യങ്ങൾക്കായി വേഗത്തിൽ ലഭ്യമാകുന്ന ഹ്രസ്വകാല വായ്പകളെ ആശ്രയിക്കാൻ തുടങ്ങി എന്നതിനെ സൂചിപ്പിക്കുന്നു.

ബാങ്കിംഗ് സമയപരിധികൾക്കനുസരിച്ച് ആസൂത്രണം ചെയ്യുന്നതിനുപകരം, ആവശ്യകത വരുമ്പോൾ ഉപഭോക്താക്കൾ ഇപ്പോൾ പ്രവർത്തന മൂലധനം ആക്സസ് ചെയ്യുന്നുവെന്ന് കൊട്ടക് മഹീന്ദ്ര ബാങ്കിന്റെ കോർപ്പറേറ്റ് ആന്റ് ട്രാൻസാക്ഷൻ ബാങ്കിംഗ് പ്രസിഡന്റും മേധാവിയുമായ അനു അഗർവാൾ പറഞ്ഞു. ഇൻവെന്ററി പർച്ചേസ് , വെണ്ടർ പേയ്മെന്റുകൾ, ശമ്പള വിതരണം എന്നിവ പോലുള്ള ദൈനംദിന ആവശ്യകതകളെ പിന്തുണയ്ക്കുന്ന കോർപ്പറേറ്റുകൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ബാങ്കിംഗ് ഉൽപ്പന്നങ്ങളിൽ ഒന്നാണ് വർക്കിംഗ് ക്യാപിറ്റൽ വായ്പകളെന്നും അനു അഗർവാൾ പറഞ്ഞു.



## ജെ.ഇ.ഇ മെയിൻ പരീക്ഷയിൽ മികച്ച വിജയവുമായി സൈലം ലേണിംഗ്സ്

**കോഴിക്കോട് :** ജെ.ഇ.ഇ മെയിൻ 2026 രണ്ടാംഘട്ട പരീക്ഷയിൽ ചരിത്ര വിജയവുമായി സൈലം ലേണിംഗ്സ്. 99.9382 പേർസെന്റൈൽ സ്കോറോടെ റിശ്വന്ത് ദേവ് കേരളത്തിൽ നിന്ന് എട്ടാം റാങ്കും മഷാൽ നസീർ ഒമ്പതാം റാങ്കും സ്വന്തമാക്കി. റിപ്പീറ്റ് ചെയ്തവരിലെ കേരളത്തിലെ ഒന്നാം റാങ്കും റിശ്വന്ത് ദേവിനാണ്.

ഇവരെക്കൂടാതെ ദേവ് നായർ(99.7284), ഗ്ലെൻ ജോസഫ്(99.6883), മുഹമ്മദ് എസ്ഹാൻ സനീർ (99.6074), അബ്ദുള്ള അസീം(99.517), മുഹമ്മദ് ഇഹ്സാൻ ടി എം(99.3347), നിവേദ് നമ്പ്യാർ(99.3179), ഷറഫുള്ള കെ.കെ(99.2486), അശ്വിൻ കെ(99.2297), സമന്വയ് ഹരീഷ്(99.1793), ആനന്ദ് പി.ആർ(99.1775), മാനസി മഹേഷ്(99.1693), മുഹമ്മദ് ഹനീൻ(99.1564), മിൻഹ ബയ്സൂൺ(99.1496), ആര്യ എസ് (99.0198), വിഘ്നേഷ് പി.എസ് (99.0186) എന്നിവരും മികച്ച വിജയം നേടി. നീറ്റ്, ജെ.ഇ.ഇ 2027 പരീക്ഷകൾക്കായുള്ള റീപ്പീറ്റർ ബാച്ചിലേക്കുള്ള അഡ്മിഷൻ നിലവിൽ സൈലത്തിൽ ആരംഭിച്ചിട്ടുണ്ട്.

## കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തും

**കൊച്ചി:** ശ്രീനാരായണ സേവാസംഘം വിദ്യാർത്ഥികൾക്കായി ഏപ്രിൽ 26നു എറണാകുളം സഹോദര സൗധത്തിൽ കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തും.

രാവിലെ 10 ന് ചേരുന്ന സമ്മേളനത്തിൽ ടി.ജെ. വിനോദ് എം.എൽ.എ ക്ലാസ് ഉദ്ഘാടനം ചെയ്യും. സീനിയർ കരിയർ കൺസൽട്ടന്റ് വി.കെ. കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ മേഖലയിലെ പ്രമുഖ വ്യക്തികൾ ക്ലാസ്സെടുക്കും.

# കീഹോൾ ക്ലിനിക്കിൽ അത്യാധുനിക ജെനറ്റിക് ടെസ്റ്റിംഗ് സേവനങ്ങൾ ആരംഭിച്ചു




**കൊച്ചി:** ഇടപ്പള്ളി കീഹോൾ ക്ലിനിക്കിന്റെ ഭാഗമായുള്ള ഡി.പി ഡയഗ്നോസ്റ്റിക്സിൽ അത്യാധുനിക ഡിഎൻഎ ടെസ്റ്റിങ് സേവനങ്ങൾ ആരംഭിച്ചു. രോഗങ്ങൾ പ്രകടമാകുന്നതിന് മുൻപ് തന്നെ അവയുടെ സാധ്യതകൾ കണ്ടെത്താനും മുൻകരുതലുകൾ എടുക്കാനും സഹായിക്കുന്ന പ്രിവന്റീവ് ടെസ്റ്റാണ് ജെനറ്റിക് ടെസ്റ്റിംഗ്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ക്ലിനിക്കൽ ജീനോമിക്സ് സ്ഥാപനമായ നിയോടെക് വേൾഡ് ലാബുമായി സഹകരിച്ചാണ് ഈ സമഗ്ര സേവനം കേരളത്തിൽ അവതരിപ്പിക്കുന്നത്. എൻ.എ.ബി.എച്ച് ഉൾപ്പെടെയുള്ള അക്രഡിറ്റേഷനുള്ള ഈ ലാബിലൂടെ രോഗനിർണ്ണയത്തിലെ കൃത്യതയും ആധുനിക സാങ്കേതികവിദ്യയും സമന്വയിപ്പിച്ച് മികച്ച ആരോഗ്യ പരിരക്ഷയാണ് ലഭ്യമാക്കുന്നതെന്ന് കീഹോൾ ക്ലിനിക്ക് എം.ഡി ഡോ. ആർ. പത്മകുമാർ പറഞ്ഞു. പ്രമേഹം, കാൻസർ, ഹൃദ്രോഗങ്ങൾ, നാഡീവ്യൂഹ സംബന്ധമായ അസുഖങ്ങൾ, മാനസിക രോഗങ്ങൾ തുടങ്ങിയ ദീർഘകാല ആരോഗ്യ പ്രശ്നങ്ങൾ മുൻകൂട്ടി തിരിച്ചറിയാൻ ഈ പരിശോധനയിലൂടെ സാധിക്കും. ഉമിനീർ, രക്തം എന്നിവ ഉപയോഗിച്ചാണ് പ്രധാനമായും പരിശോധനകൾ നടത്തുന്നത്. വ്യക്തികളുടെ പോഷകാഹാരം, അമിതവണ്ണം, പ്രതിരോധശേഷി, ചർമ്മസംരക്ഷണം, ഉറക്കം എന്നിവയുമായി ബന്ധപ്പെട്ട വെൽനസ് പാനൽ പരിശോധനകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. കാർഡിയോമെറ്റബോളിക് സ്ക്രീനിംഗ്, മരുന്നുകളോട് ശരീരം എങ്ങനെ പ്രതികരിക്കുന്നു എന്ന് മനസ്സിലാക്കാനുള്ള ഫാർമക്കോളജിക്കൽ ജീനോമിക്സ്, അപൂർവ്വ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ഹോൾ എക്സോം സീക്വൻസിങ് തുടങ്ങി നൂതന സേവനങ്ങളും ക്ലിനിക്കിൽ ലഭ്യമാണെന്നും ഡോ. ആർ. പത്മകുമാർ പറഞ്ഞു. ഡോക്ടർമാർക്ക് ഇത്തരം നൂതന പരിശോധനാ മാർഗങ്ങളും അവയുടെ പ്രയോജനങ്ങളും പരിചയപ്പെടുത്തുന്നതിന് വേണ്ടി വിപുലമായ തുടർവിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്ന് ഡി.പി ഡയഗ്നോസ്റ്റിക്സ് ഡയറക്ടർ പ്രേമ്ന സുബിൻ അറിയിച്ചു.ഇൻവെസ്റ്റർ ഒറിസൺ ജോസ് ഫ്രാൻസിസ്, നിയോടെക് വേൾഡ് ലാബ് പ്രതിനിധി അനന്യ ദാസ്, ജനറൽ ആൻഡ് ലാപ്പറോസ്കോപിക് സർജൻ ഡോ.റിസൺ രാജൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# എൻപിസിഐ ഭാരത് ബിൽ പേ ബില്ലർ വിഭാഗത്തിൽ പോസ്റ്റൽ ലൈഫ് ഇൻഷൂറൻസും

കൊച്ചി: നാഷണൽ പെയ്മെന്റ് കോർപറേഷന്റെ പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയായ എൻപിസിഐ ഭാരത് ബിൽപേയുടെ ബില്ലർ വിഭാഗത്തിൽ പോസ്റ്റൽ ലൈഫ് ഇൻഷൂറൻസിനേയും ഉൾപ്പെടുത്തി. ഭാരത് കണക്ട് സംവിധാനത്തിലെ ഇൻഷൂറൻസ് വിഭാഗത്തിലാണ് പോസ്റ്റൽ ഇൻഷൂറൻസിനെ ഉൾപ്പെടുത്തിയിട്ടുള്ളത്. പിഎൽഐ പോളിസി ഉടമകൾക്ക് ഭാരത് കണക്ട് വഴി ഓൺലൈൻ ഓഫ്‌ലൈൻ രീതികളിൽ പ്രീമിയം അടക്കാൻ ഇതിലൂടെ സാധിക്കും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആയിരിക്കും ബില്ലർ ഓപറേറ്റിങ് യൂണിറ്റ്. തപാൽ വകുപ്പ് ലഭ്യമാക്കുന്ന പോസ്റ്റൽ ലൈഫ് ഇൻഷൂറൻസ് 1.25 കോടിയിലേറെ സജീവ പോളിസികൾക്കാണ് സേവനം നൽകുന്നത്. ത ലക്ഷത്തോളം ഇടപാടുകളാണ് ഇതിന്റെ ഭാഗമായി ഓരോ ദിവസവും രാജ്യത്തു നടക്കുന്നത്. ഭാരത് കണക്ട് സൗകര്യമുള്ള ആപ്പുകൾ, വെബ്സൈറ്റുകൾ, ഓഫ്‌ലൈൻ ഏജന്റുമാർ തുടങ്ങിയ രീതികളിൽ രാജ്യത്തുടനീളം റിന്യൂവൽ പ്രീമിയം അടക്കാൻ പുതിയ സംവിധാനം വഴിയൊരുക്കും. ഭാരത് കണക്ട് സംവിധാനത്തിനു കീഴിൽ സേവനം ലഭ്യമാക്കുന്ന ഇൻഷൂറൻസ് ബില്ലർമാരുടെ എണ്ണം ഇപ്പോൾ 65 ആയി ഉയർന്നത് ഡിജിറ്റലായി പ്രീമിയം അടക്കുന്നതിൽ ഉപഭോക്താക്കൾക്കിടയിൽ വളർന്നു വരുന്ന താൽപര്യമാണു സൂചിപ്പിക്കുന്നത്. പോസ്റ്റൽ ലൈഫ് ഇൻഷൂറൻസ്, റൂറൽ പോസ്റ്റൽ ലൈഫ് ഇൻഷൂറൻസ് എന്നിവയെ ഭാരത് കണക്ടുമായി സംയോജിപ്പിക്കുന്നത് തപാൽ വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങളുമായി ബന്ധപ്പെട്ട നിർണായക നാഴികക്കല്ലാണെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ തപാൽ വകുപ്പ് ഡയറക്ടർ ജനറൽ ജിതേന്ദ്ര ഗുപ്ത പറഞ്ഞു. തങ്ങളുടെ പാരമ്പര്യവും വിശ്വാസ്യതയും ഉയർത്തിപ്പിടിച്ചുകൊ് തപാൽ വകുപ്പ് തങ്ങളുടെ സേവനങ്ങൾ ആധുനീകവൽക്കരിക്കുന്നതു തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഭാരത് കണക്ട് സംവിധാനത്തിലേക്ക് പോസ്റ്റൽ ലൈഫ് ഇൻഷൂറൻസിനെ എത്തിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയതിൽ തങ്ങൾക്ക് ആഹ്ലാദമുന്നെ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വക്താവ് പറഞ്ഞു. പോസ്റ്റൽ ലൈഫ് ഇൻഷൂറൻസ് സേവനങ്ങളെ തങ്ങൾ ഭാരത് കണക്ടിലേക്ക് സ്വാഗതം ചെയ്യുകയാണെന്ന് എൻബിബിഎൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ നൂപർ ചതുർവേദി പറഞ്ഞു.

# കോഗ്നിസന്റും ഓപ്പൺഎഐയും പങ്കാളിത്തത്തിൽ

**കൊച്ചി:** കോഗ്നിസന്റും ഓപ്പൺഎഐയും ചേർന്ന് കോഡെക്സ് വഴി എന്റർപ്രൈസ് സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് നവീകരിക്കാൻ പുതിയ പങ്കാളിത്തം പ്രഖ്യാപിച്ചു. ഓപ്പൺഎഐ തെരഞ്ഞെടുത്ത പ്രധാന ഗ്ലോബൽ പങ്കാളികളിൽ ഒന്നായ കോഗ്നിസന്റ്, കോഡെക്സിനെ തന്റെ സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി വികസനവും ഡെലിവറിയും വേഗത്തിലാക്കുകയാണ്. കോഡ് ജനറേഷൻ, ടെസ്റ്റിംഗ്, റീഫാക്ടറിംഗ് എന്നിവയിൽ എഐ പിന്തുണ നൽകുന്നതിലൂടെ എൻജിനീയർമാർക്ക് നിർണായക മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കും. ഈ നീക്കം കോഡ് ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെലവും അപകടസാധ്യതയും കുറയ്ക്കുകയും ചെയ്യും. ലെഗസി സിസ്റ്റം മോഡേണൈസേഷനിലും സുരക്ഷാ അനുസരണത്തിലും കൂടുതൽ കാര്യക്ഷമത കൈവരിക്കുകയാണ് ലക്ഷ്യം.

# ഉത്തരകേരളത്തിൽ ആദ്യമായി ഗവ. കോളജിൽ ഇന്റേൺഷിപ്പ് തുടങ്ങി ബ്രണ്ണൻ കോളേജ്

**കണ്ണൂർ:** ആശയവിനിമയത്തിനും പഠനത്തിനുമുള്ള മാധ്യമം എന്നതിലപ്പുറം ഭാഷയുടെയും ഗവേഷണത്തിന്റെയും അനന്ത സാദ്ധ്യതകൾ വിദ്യാർത്ഥികൾക്ക് മുന്നിൽ തുറന്നു കൊണ്ട് ഇന്റേൺഷിപ് പ്രോഗ്രാം തുടങ്ങി തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ്. മലയാളം ബിരുദ ബിരുദാനന്തര ഗവേഷണ വിഭാഗമാണ് മലയാളം എഫ് വൈ.യു. ജി. പി (നാല് വർഷ അർ ഗ്രാജുവേറ്റ് പ്രോഗ്രാം) വിദ്യാർത്ഥികൾക്കായി അക്കാദമിക് ഗവേഷണവും രചനയും അടിസ്ഥാനമാക്കി ഇന്റേൺഷിപ്പ് പ്രോഗ്രാം തുടങ്ങിയത്.

ഉത്തരകേരളത്തിൽ ആദ്യമായാണ് ഒരു സർക്കാർ കോളജിൽ ഇത്തരത്തിൽ ഇന്റേൺഷിപ്പ് തുടങ്ങുന്നത്. തൊഴിൽ പരീശിലനത്തിന് പുറമെ ഗവേഷണ അഭിരുചി വർധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് അക്കാദമിക് രചനയും ഗവേഷണവും അടിസ്ഥാനമാക്കിയുള്ള പ്രോഗ്രാം ആരംഭിച്ചത്. കേരളത്തിലെ വിവിധ കോളേജുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 15 വിദ്യാർത്ഥികൾക്കാണ് ഇന്റേൺഷിപ്പിന് അവസരം ലഭിച്ചിട്ടുള്ളത്.

കണ്ണൂർ യൂണിവേഴ്സിറ്റിയിലെ 10 വിദ്യാർത്ഥികളും കേരള യൂണിവേഴ്സിറ്റിയിലെയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെയും വിദ്യാർത്ഥികളുമാണ് ഇന്റേൺഷിപ്പിൽ പങ്കാളികളായത്. നാലാം സെമസ്റ്ററിലെ വിദ്യാർത്ഥികളാണ് 15 മുതൽ 20 ദിവസം വരെയുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി കോളേജിൽ എത്തിയത്. ഇന്റേൺഷിപ്പ് സൗജന്യമാണ്. രണ്ട് ക്രെഡിറ്റ് പോയിന്റും വിദ്യാർത്ഥികൾക്ക് ലഭിക്കും. വകുപ്പദ്ധ്യക്ഷൻ ഡോ. സന്തോഷ് മാനിച്ചേരി ഉദ്ഘാടനം ചെയ്തു. ഡോ. എൻ ലിജി, ഡോ.കെ രാജേന്ദ്രൻ, ഡോ. ആർ രാജശ്രീ എന്നിവരാണ് ഇന്റേൺഷിപ്പ് മെന്റർമാർ.

# ലേലം

കൊച്ചി: എറണാകുളം ഗവൺമെന്റ് ലോ കോളേജ് കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളുടെ 2026 മെയ് 1 മുതൽ 2027 ഏപ്രിൽ 30 വരെയുള്ള ആദായം എടുക്കുന്നതിനുള്ള അവകാശം ഏപ്രിൽ 29ന് രാവിലെ 11ന് കോളേജിൽ വെച്ച് ലേലം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾ കോളേജ് ഓഫീസിൽ നിന്നും ലഭ്യമാണ്.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള ഗവൺമെന്റ് സ്ഥാപനമായ സി-ആപ്റ്റും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന 2026-27 അധ്യയന വർഷത്തെ കെ.ജി.റ്റി.ഇ പ്രീ-പ്രസ്സ് ഓപ്പറേഷൻ, പ്രസ്സ് വർക്ക്, പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആൻഡ് ഫിനീഷിംഗ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി പാസ്സായവർക്ക് അപേക്ഷിക്കാം. അപേക്ഷ ഫോറം തോട്ടക്കാട്ടുകരയിലുള്ള ആലുവ സെന്ററിൽ നിന്ന് നേരിട്ടും , തപാൽ മുഖേനയും ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 5. ഫോൺ: 0484-2605322, 9526364400.

# ഗ്രാമീണ ജലസുരക്ഷയ്ക്ക് പിന്തുണയുമായി എച്ച്.ഡി.എഫ്.സി ബാങ്ക്

**കൊച്ചി :** എച്ച്ഡി.എഫ്സി ബാങ്കിന്റെ സി.എസ്ആർ പദ്ധതി ആയ പരിവർത്തൻ രാജ്യത്തുടനീളം 15,200-ത്തിലധികം ജലസൗകര്യങ്ങൾ നിർമ്മിക്കുകയും പുനരുദ്ധരിക്കുകയും ചെയ്തതായി അറിയിച്ചു. 10,400-ത്തിലധികം ഗ്രാമങ്ങളിലെ ഏകദേശം 15 ലക്ഷം കുടുംബങ്ങൾക്ക് ഇതിലൂടെ ഗുണം ലഭിച്ചു. കൂടാതെ 950-ത്തിലധികം ഗ്രാമങ്ങളിൽ ശുദ്ധജല സൗകര്യവും ഒരുക്കി. 28 സംസ്ഥാനങ്ങളിലായി ഫാം കുളങ്ങൾ, ചെക്ക് ഡാമുകൾ, മഴവെള്ള ശേഖരണം, ജലസേചന പദ്ധതികൾ എന്നിവ നടപ്പാക്കി. കാർഷിക പിന്തുണയും സമൂഹ പങ്കാളിത്തവും ചേർന്ന് വിളവെടുപ്പ് വർധിപ്പിക്കുകയും മഴയിൽ ആശ്രയത്വം കുറയ്ക്കുകയും ചെയ്തു. രാജ്യത്ത് ജലസുരക്ഷ ഉറപ്പാക്കുന്നതിൽ ബാങ്ക് പ്രതിബദ്ധത ആവർത്തിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# റ്റാറ്റാ ട്രസ്റ്റസ് സ്റ്റുഡന്റ്സ് ബിനാലെ 2026 പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെ ആറാം പതിപ്പിനോട് അനുബന്ധിച്ച് നടത്തിയ സ്റ്റുഡന്റ്സ് ബിനാലെയിൽ റ്റാറ്റാ ട്രസ്റ്റ്സ് നൽകുന്ന അവാർഡുകൾ പ്രഖ്യാപിച്ചു. ഇന്ത്യയിലെ വളർന്നു വരുന്ന കലാകാരന്മാർക്കുള്ള ഏറ്റവും വലിയ വേദികളിലൊന്നായ സ്റ്റുഡന്റ്സ് ബിനാലെ, 2016 മുതൽ റ്റാറ്റാ ട്രസ്റ്റ്സിന്റെ പിന്തുണയോടെയാണ് പ്രവർത്തിക്കുന്നത്.

കലാവിദ്യാഭ്യാസത്തിനും പ്രൊഫഷണൽ രീതികൾക്കും ഇടയിലുള്ള സുപ്രധാന പാലമായാണ് സ്റ്റുഡൻസ് ബിനാലെ പ്രവർത്തിക്കുന്നത്. യുവ കലാകാരന്മാർക്ക് ഗവേഷണത്തിൽ അധിഷ്ഠിതമായ സമകാലിക സൃഷ്ടികൾ വികസിപ്പിക്കുന്നതിന് ആവശ്യമായ ഇടവും വിഭവങ്ങളും മാർഗനിർദ്ദേശങ്ങളും നൽകുന്നു. ഏഴ് ക്യുറേറ്റർമാരുടെ നേതൃത്വത്തിൽ 'സെൻസിംഗ് ഗ്രൗണ്ട്സ് എന്ന പേരിൽ നടന്ന പ്രദർശനത്തിൽ പ്രദർശനത്തിൽ ഇന്ത്യയിലുടനീളമുള്ള 175ലധികം കലാസ്ഥാപനങ്ങളിൽ നിന്നായി ഇരുന്നൂറിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. ഫോർട്ട്കൊച്ചിയിലെ ആറ് വേദികളിലായി 70 പ്രോജക്റ്റുകളാണ് അവതരിപ്പിക്കപ്പെട്ടത്. തുടക്കം മുതൽ ആയിരത്തിലധികം യുവ കലാകാരന്മാർക്ക് സ്റ്റുഡൻസ് ബിനാലെയിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇത്തവണ നാല് വിദ്യാർത്ഥികളെയാണ് റ്റാറ്റാ ട്രസ്റ്റ്സ് സ്റ്റുഡന്റ്സ് ബിനാലെ അന്താരാഷ്ട്ര പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. കേരളത്തിലെ മാവേലിക്കര രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സിലെ അശ്വതി ജി.എസ് (Staged Narratives), മഹാരാഷ്ട്രയിലെ നാഗ്പൂർ ഗവൺമെന്റ് കോളേജ് ഓഫ് ആർട്ടിലെ കൈലാഷ് ഖാൻജോഡെ (Ginning Jtsuice, 2025), മുംബൈ സർ ജെ.ജെ. സ്കൂൾ ഓഫ് ആർട്ടിലെ സച്ചിൻ ബന്നെ (Ginning Jtsuice, 2025), ശിവ് നാടാർ യൂണിവേഴ്സിറ്റിയിലെ സായ് ഗീതാഞ്ജലി പേളൂരു (Root Sstyem Analysis) എന്നിവരാണ് ഈ പുരസ്കാരത്തിന് അർഹരായത്. വിജയികൾക്ക് ലഭിക്കുന്ന വിദേശയാത്രയിലൂടെ ആഗോള സമകാലിക കലയെയും അന്താരാഷ്ട്ര പ്രദർശന രീതികളെയും നേരിട്ട് മനസ്സിലാക്കാൻ അവസരം ലഭിക്കും. ഏഴ് വിദ്യാർത്ഥികൾക്ക് റ്റാറ്റാ ട്രസ്റ്റ്സ് സ്റ്റുഡന്റ്സ് ബിനാലെ ദേശീയ പുരസ്കാരങ്ങൾ ലഭിച്ചു. ഹൈദരാബാദിലെ സുരവരം പ്രതാപ് റെഡ്ഡി തെലുങ്ക് യൂണിവേഴ്സിറ്റിയിലെ അഭിഷേക് ഖോലപുടി, ബറോഡ എം.എസ്.യുവിലെ പ്രതീക് കുർകുട്ടിയ, ചെന്നൈ ഗവൺമെന്റ് കോളേജ് ഓഫ് ഫൈൻ ആർട്സിലെ എം. ഇമ്രാൻ അഹമ്മദ്, ശാന്തിനികേതൻ വിശ്വഭാരതി യൂണിവേഴ്സിറ്റിയിലെ റെപ്പാൻഡി ലെപ്ച്ച, മുംബൈ സർ ജെ.ജെ. സ്കൂൾ ഓഫ് ആർട്ടിലെ രോഹിത് അഠാവാലെ, ബറോഡ മഹാരാജ സയാജിറാവു യൂണിവേഴ്സിറ്റിയിലെ ഉർഗെയ്ൻ സാവ, വാരണാസി ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലെ ദുർഗേഷ് പ്രജാപതി എന്നിവരാണ് ദേശീയ പുരസ്കാര ജേതാക്കൾ. ഇവർക്ക് ഇന്ത്യയിലെ പ്രശസ്തമായ കലാസ്ഥാപനങ്ങളിൽ ഒരു മാസത്തെ റെസിഡൻസി പ്രോഗ്രാമും പ്രമുഖ കലാകാരന്മാരുടെ മാർഗനിർദ്ദേശത്തിൽ പുതിയ സൃഷ്ടികൾ വികസിപ്പിക്കാനുള്ള അവസരവും ലഭിക്കും. ഉമ ജേക്കബ് (ഡയറക്ടർ, ഇന്ത്യ ആർട്ട് ഫെയർ), ഷലീൻ വധാന (കലാ വിദ്യാഭ്യാസ വിദഗ്ധയും ക്യുറേറ്ററും), രാജ്യശ്രീ ഗുഡി (സമകാലീനകലാകാരി), ഓഷീൻ ശിവ (മൾട്ടി ഡിസിപ്ലിനറി ആർട്ടിസ്റ്റ്) എന്നിവരടങ്ങിയ ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തത്.

## നാലാം പാദത്തിൽ 320 കോടി രൂപയുടെ അറ്റാദായം നേടി ഫിൻടെക് പ്ലാറ്റ്ഫോം 'എയ്ഞ്ചൽ വൺ'

**കൊച്ചി:** മാർച്ച് 31ന് അവസാനിച്ച സാമ്പത്തികവർഷത്തെ നാലാം പാദത്തിൽ 320 കോടി രൂപയുടെ അറ്റാദായം രേഖപ്പെടുത്തി രാജ്യത്തെ മുൻനിര ഫിൻടെക് പ്ലാറ്റ്ഫോമായ എയ്ഞ്ചൽ വൺ. മുൻ വർഷത്തെ സമാനപാദത്തെ അപേക്ഷിച്ച് 19 ശതമാനമാണ് വളർച്ച. കമ്പനിയുടെ മൊത്തം വരുമാനം 9.7 ശതമാനം വളർച്ച നേടി 1467 കോടി രൂപയിലെത്തി. കമ്പനി കൈകാര്യം ചെയ്യുന്ന വെൽത്ത് മാനേജ്മെന്റ് ബിസിനസും എസ്ഐപി വിഭാഗവും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. എസ്ഐപി രജിസ്ട്രേഷൻ 21 ലക്ഷം കടന്നു. കമ്പനിയുടെ മൊത്തം ബിസിനസ് 10080 കോടി രൂപയായി. ക്രെഡിറ്റ്, മ്യൂച്വൽ ഫണ്ട്, അസറ്റ് മാനേജ്മന്റ് വിഭാഗങ്ങൾ വളർച്ച രേഖപ്പെടുത്തി. ഓഹരിയാക്കാൻ കഴിയാത്ത കടപ്പത്രങ്ങളുടെ വിതരണത്തിലൂടെ 1500 കോടി രൂപ സമാഹരിക്കാനും കമ്പനി ലക്ഷ്യമിടുന്നുണ്ട്.




## ഇന്ത്യയിൽ പ്രവർത്തനം ആരംഭിക്കാൻ അഡ്നിക്

**കൊച്ചി:** ഇൻഷുറൻസ് മേഖലയിലെ പ്രമുഖ മൾട്ടി-ലൈൻ ഇൻഷുറൻസ് സേവനദാതാക്കളായ അബുദാബി നാഷണൽ ഇൻഷുറൻസ് കമ്പനിയായ (അഡ്നിക്) ഇന്ത്യയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നു. ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റിയിലുള്ള അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രമായ ( ഐ എഫ് എസ് സി ) യിൽ നിന്ന് റീ-ഇൻഷുറൻസ് ബിസിനസ് നടത്തുന്നതിനുള്ള റെഗുലേറ്ററി അംഗീകാരവും ലൈസൻസും കമ്പനിക്ക് ലഭിച്ചു.

അതിവേഗം വളരുന്ന ഇന്ത്യൻ ഇൻഷുറൻസ് വിപണിയിൽ സാന്നിധ്യം ഉറപ്പിക്കുന്നതിലൂടെ യുഎഇ-ഇന്ത്യ സാമ്പത്തിക ബന്ധങ്ങൾ കൂടുതൽ ശക്തമാക്കാനും വൈവിധ്യമാർന്ന ഇൻഷുറൻസ് പരിഹാരങ്ങൾ നൽകാനുമാണ് കമ്പനി ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര തലത്തിൽ വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അടുത്തിടെ സൗദി അറേബ്യൻ വിപണിയിൽ പ്രവേശിച്ചതിന് പിന്നാലെയാണ് അഡ്നിക് ഇന്ത്യയിലേക്കും എത്തുന്നത്.




യുഎഇയുടെ ബിസിനസ് മേഖലയിലെ സ്ഥിരതയും അന്താരാഷ്ട്ര ഇൻഷുറർ എന്ന നിലയിലുള്ള വിശ്വാസ്യതയും പുതിയ ബ്രാഞ്ചിലൂടെ കൂടുതൽ വ്യക്തമാകുമെന്ന് അഡ്നിക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചാരലാംബോസ് മൈലോനാസ് പറഞ്ഞു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com